തദ് ഭക്താനാമാത്മവതാം സർവേഷാമാത്മന്യാത്മദ ആത്മതയൈവ (5–24–21)

ശുകമുനി തുടർന്നു: സൂര്യന് പതിനായിരം യോജന താഴെയാണ് രാഹു. ഇവിടത്തെ അധിദേവത ഒരു രാക്ഷസനായിരുന്നെങ്കിലും ഭഗവൽകൃപയാൽ അയാൾക്ക് ചിരഞ്ജീവിത്വം ലഭിച്ചു. അയാൾക്ക് സൂര്യനോടും ചന്ദ്രനോടും പകയുണ്ടായിരുന്നു. (അതിൻെറ കഥ പിന്നീട് വിവരിക്കാം). രാഹുവാണ് സൂര്യഗ്രഹണത്തിനും ചന്ദ്രഗ്രഹണത്തിനും കാരണം. രാഹുവിനും പതിനായിരം യോജന താഴെയാണ് ദിവ്യപുരുഷന്മാരുടെ വാസം. സിദ്ധർ, ചരണർ, വിദ്യാധരർ ഇവരെല്ലാം ഇവിടെയത്രേ. ഇതിനും താഴെയാണ് രാക്ഷസന്മാരുടേയും ഭൂതങ്ങളുടേയും മറ്റു പ്രേതങ്ങളുടേയും വിഹാരരംഗം. ഈ ആകാശതലത്തിന് നൂറു യോജന താഴെയാണ് നേരത്തെ വിവരിച്ച ഭൂമി. ദൈത്യരും, ദാനവരും, ഇഴജന്തുക്കളും ജീവിക്കുന്ന ഏഴ് അധോലോകങ്ങളുണ്ട്. ഈ ലോകങ്ങളിൽ മണിമാളികകളും രത്നങ്ങളുമുണ്ട്. ഇവിടുള്ളവർക്ക് രാത്രിപകലുകളുടെ വ്യത്യാസമില്ല. ഋതുക്കളും അവിടില്ല. അതീവ ശക്തിമാന്മാരും ദീർഘായുഷ്മതികളുമാണിവർ.

അതലത്തിൽ മയൻെറ പുത്രനായ ബലാസുരൻ വസിക്കുന്നു. മന്ത്രവാദത്തിൻേറയും ആഭിചാരവൃത്തി കളുടേയും തുടക്കം ബലാസുരനിൽ നിന്നത്രെ. ഒരിക്കൽ തൻെറ കോട്ടുവായിൽനിന്ന് ബലാസുരൻ മൂന്നു ദുഷ്ടസ്ത്രികളെ സൃഷ്ടിച്ചു. സ്വൈരിണി, കാമിനി, പുംശ്ചലി എന്നീ സ്ത്രീകൾ കാമാർത്തകളായിരുന്നു. അവർ അതലത്തിൽ പ്രവേശിക്കുന്ന ഏതൊരുവനേയും ഹാടക പ്രയോഗത്തിൽ മയക്കി അതീവ ശക്തിമാനാക്കി തങ്ങളുടെ കാമത്തിനു വേണ്ടി ഉപയോഗിക്കുന്നു. ലഹരിപൂണ്ട അവനോ സ്വയം ശക്തിമാനെന്നു വൃഥാ അഭിമാനിച്ചു കഴിയുന്നു. വിതലത്തിൽ ഭഗവാൻ ശിവൻ തൻെറ ഭൂതഗണങ്ങളോടൊപ്പം, ഭാര്യയുമൊത്ത് ഹാടകേശ്വരൻ എന്ന പേരിൽ വസിക്കുന്നു. ഹാടക നദിയുടെ ഉത്ഭവം ശിവനിൽ നിന്നത്രെ. ഈ നദിയുടെ പതയും കുമിളയുമെല്ലാം ഖനീഭവിച്ചുണ്ടാകുന്ന സ്വർണ്ണം രാക്ഷസന്മാരും രാക്ഷസികളും ആഭരണങ്ങളായി അണിയുന്നു.

സുതലത്തിൽ വിരോചനൻെറ പുത്രനായി ബലി വസിക്കുന്നു. ബലിയുടെ അധീനതയിൽ ഉണ്ടായിരുന്ന മൂന്നുലോകങ്ങളും എങ്ങിനെയാണ് ഭഗവാൻ ഇന്ദ്രനെ പ്രീതിപ്പെടുത്താൻ വേണ്ടി തട്ടിയെടുത്തതെന്നു പിന്നീട് പറയാം. ബലിക്കാകട്ടെ ഭഗവാൻെറ ഈ ലീല അതീവസന്തോഷപ്രദമായിത്തീർന്നു. ഇന്ദ്രൻ കയ്യടക്കിയ മൂന്നു ലോകങ്ങളുടേയും രാജപദവി, ഭഗവൽപ്രസാദത്തേക്കാളും വലുതല്ല എന്ന് ബലിക്കറിയാമായിരുന്നു. എല്ലാത്തിൻേറയും ആത്മസത്തയായ ഭഗവാൻ സ്വയം ഭക്തർക്കായി നിലകൊള്ളുന്നു. സ്വർഗ്ഗത്തിലെ രാജപദവി, ഭഗവാനെ മറക്കാനിടയാക്കുന്നു. തലാതലത്തിൽ മന്ത്രവാദപ്രവീണനായ മയൻ കഴിയുന്നു. താൻ കീഴടക്കിയ മൂന്നുനഗരങ്ങളും പരമശിവൻ ചുട്ടുചാരമാക്കിയതത്രെ. (ശിവന് ത്രിപുരാന്തകൻ എന്നും പേര്). മഹാതലത്തിൽ ക്രോധവാസൻ, കുഹകൻ, തക്ഷൻ, കാളിയൻ, സുസേനൻ എന്നീ അനുചരന്മാരോടൊപ്പം കഴിയുന്നു. രസാതലത്തിൽ ശക്തരായ രാക്ഷസർ, ദേവന്മാരുടെ ശത്രുക്കളായി കഴിയുന്നു. പാതാളത്തിൽ, അനേക ശിരസുകളുള്ള സർപ്പങ്ങൾ വാഴുന്നു. അവരുടെ ഫണങ്ങളിൽ വിളങ്ങുന്ന രത്നമണികളുടെ പ്രകാശത്താൽ അധോലോകങ്ങളെല്ലാം പ്രകാശമയമായിത്തീരുന്നു.